ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

സംസ്ഥാന ശുചിത്വമിഷൻ - സേവനദാതാക്കളുടെ ശിൽപശാല

ശുചിത്വമിഷന്റെ അംഗീകാരത്തോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ പ്രോജക്ടുകൾക്ക് നിർവഹണ സഹായം നൽകി വരുന്ന സേവനദാതാക്കളുടെ ശിൽപശാല 07.02.2017 ന് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ വച്ചു നടന്നു. നിലവിലെ മാലിന്യ സംസ്കരണ രംഗത്തുള്ള പ്രായോഗിക നിർവഹണ പ്രശ്നങ്ങൾ, സേവനദാതാക്കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, സംസ്കരണ ഉപാധികളുടെ കാര്യക്ഷമത പരിശോധിക്കൽ തുടർപ്രവർത്തനങ്ങൾ വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ശിൽപശാലയിൽ പ്രതിപാദിക്കുകയുണ്ടായി. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി.ഐ.എ.എസിന്റെ നേതൃത്വത്തിൽ നടന്ന ശിൽപശാലയിൽ ശ്രീ.സി.വി. ജോയി, ഡയറക്ടർ (ഓപ്പറേഷൻസ്), ശ്രീ.എൽ.പി.ചിത്തർ, ഡയറക്ടർ (കുടിവെള്ളം), ശ്രീ.ജയകുമാർ.ജെ.എസ് (സാനിട്ടേഷൻ എക്സ്പെർട്ട്), ശ്രീ.ജി.ജ്യോതിഷ് ചന്ദ്രൻ (പ്രോജക്ട് കൺസൾട്ടന്റ്), ശ്രീ.രഞ്ചു.ആർ.പിള്ളൈ, സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. 100 - ഓളം സേവനദാതാക്കൾ പങ്കെടുത്ത ശിലപശാല വൈകുന്നേരം 4 മണിക്ക് സമാപിച്ചു.

ഡയറക്ടർ (ഓപ്പറേഷൻസ്)

Swaraj Bhavan, Basement Floor(-1), Nanthancode, Kowdiar P.O. Thiruvananthapuram- 695 003
Ph: 0471 – 2316730, 2319831, Fax : 0471 – 2312730, E-mail :suchitwamission@gmail.com

DR